**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5004** **04-07-2024 - ൽ മറുപടിയ്ക്ക്**

**ജല ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജല ടൂറിസം സാദ്ധ്യത കണക്കിലെടുത്ത് വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | ജലടൂറിസത്തിന് വളരെയേറെ സാധ്യതകളുള്ള കേരളത്തിലെ പ്രദേശങ്ങളിൽ വിനോദ സഞ്ചാരികളെ ആകർഷിയ്ക്കുക എന്ന ലക്ഷ്യം മുൻ നിർത്തി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>പ്രധാന കായലുകൾ/ജലാശയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഹൗസ് ബോട്ട് ടൂറിസം സാധ്യമാക്കി. ഇതിന് എല്ലാ പിന്തുണയും ടൂറിസം വകുപ്പ് നൽകുന്നു. വിദേശ – ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ടൂറിസം ഉൽപന്നമാണ് ഹൗസ് ബോട്ടുകൾ.<br><br>‘ഡെവലപ്മെന്റ് ഓഫ് ബാക്ക് വാട്ടർ സർക്യൂട്ട് ഇൻ ആലപ്പുഴ - ബാക്ക് വാട്ടർ ആസ് എ മെഗാ സർക്യൂട്ട് ഇൻ കേരള' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം, കായംകുളം, അരൂക്കുറ്റി, കഞ്ഞിപ്പാടം, നെടുമുടി, തോട്ടപ്പിള്ളി എന്നിവിടങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളും നൈറ്റ് ഹാൾട്ട് സെന്ററുകളും നിർമ്മിച്ചിട്ടുണ്ട്.<br><br>മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കേന്ദ്ര - സംസ്ഥാന ഫണ്ട് ഉപയോഗിച്ച് കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ബോട്ട് ടെർമിനലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വയനാട് ജില്ലയിൽ ഡിടിപിസിയുടെ കീഴിലുള്ള പൂക്കോട്, കർലാട് തടാകകേന്ദ്രങ്ങളിൽ തുഴബോട്ടുകൾ ഉപയോഗിച്ചുവരുന്നുണ്ട്.<br><br>പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴയിൽ ഇറിഗേഷൻ വകുപ്പും, ഡി.ടി.പി.സിയും സംയുക്തമായി പരിപാലിച്ചു വരുന്ന ഉദ്യാനത്തിൽ പെഡൽ ബോട്ടിങ് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | കൊല്ലം ജില്ലയിലെ സാംബ്രാണിക്കൊടി, ആശ്രാമം അഡ്വഞ്ചർ പാർക്ക്, മൺട്രോതുരുത്ത് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്കായി ബോട്ടിംഗ് സംവിധാനവും, വാട്ടർ സ്പോർട്സ് ആക്ടിവിറ്റീസും വില്ലേജ് ബാക്ക്‌വാട്ടർ ടൂർ പാക്കേജും കൊല്ലം ഡി.ടി.പി.സി മുഖേന നടത്തി വരുന്നു.<br><br>കോട്ടയം ജില്ലയിൽ ജലടൂറിസം സാധ്യത കണക്കിലെടുത്ത് വലിയമട വാട്ടർ ഫ്രണ്ട് പദ്ധതി കുമരകത്ത് നടപ്പിലാക്കി വരുന്നു. അതോടൊപ്പം ജില്ലയിൽ ചീപ്പുങ്കൽ, കോടിമത, ഏഴ മാന്തുരുത്ത്, കാന്താരിക്കടവ്, കുമരകം ബോട്ട് ജെട്ടി ഏരിയ, കവണാറ്റിൻകര ബോട്ട് ടെർമിനൽ, നാല്പങ്ക്, കോട്ടയം കച്ചേരിക്കടവ്, മനക്കച്ചിറ ടൂറിസം പദ്ധതി, എന്നിവിടങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്.<br><br>കൂടാതെ, സംസ്ഥാനത്ത് ജലസാഹസിക വിനോദ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് ചുവടെ ചേർക്കുന്ന അന്താരാഷ്ട്ര തലത്തിലുള്ള മത്സരങ്ങളും, ഫെസ്റ്റുകളും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ച് വരുന്നു.<br><br>മലബാർ റിവർ ഫെസ്റ്റിവൽ (അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പ്) തുഷാരഗിരി, കോഴിക്കോട്<br><br>അന്തർദേശീയ സർഫിങ് ഫെസ്റ്റിവൽ വർക്കല, തിരുവനന്തപുരം<br><br>ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്, കോഴിക്കോട്<br><br>കേരളത്തിലെ തിരഞ്ഞെടുത്ത ബീച്ചുകൾ അന്തർദേശീയ നിലവാരത്തിലുള്ള വാട്ടർ സ്പോട്സ് ഓപ്പറേറ്റിംഗ് ഡെസ്റ്റിനേഷനുകളാക്കി അവിടെ അടിസ്ഥാന സൗകര്യങ്ങളും വാട്ടർ സ്പോട്സ് റൈഡുകളും ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ഡെക്കുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശോധന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന നടത്തിവരുകയാണ്.<br><br>ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ജലടൂറിസം സാദ്ധ്യത കണക്കിലെടുത്ത് സ്വകാര്യ മേഖലയിൽ വാട്ടർ ഫ്രണ്ടേജ് ഉള്ള പ്രദേശങ്ങളിൽ കായലിനോട് ചേർന്ന് വസ്തു ഉള്ളവർക്ക് സംരംഭങ്ങൾ | (ബി) | **നിലവിൽ പരിഗണനയിൽ ഇല്ല.** |

| | | | |
|---|---|---|---|
| | ആരംഭിക്കുവാൻ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; അത്തരം സംരംഭങ്ങൾക്ക് എന്തെങ്കിലും സബ്സിഡി നൽകാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ; | | |
| (സി) | കായലിനോട് ചേർന്ന് കിടക്കുന്ന സി.ആർ.ഇസഡ് 2-ൽ പെട്ട കരഭൂമിയിൽ ജലടൂറിസം സാദ്ധ്യത കണക്കിലെടുത്ത് എന്തെല്ലാം ഇളവുകൾ നൽകിയിട്ടുണ്ട്; പ്രസ്തുത ഭൂമിയിൽ ജലടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ സംരംഭം ആരംഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കാമോ? | (സി) | കായലിനോട് ചേർന്ന് കിടക്കുന്ന സി.ആർ.ഇസഡ്2 - ൽ പ്പെട്ട കരഭൂമിയിൽ ജലടൂറിസം സാദ്ധ്യത കണക്കിലെടുത്ത് വകുപ്പ് നിലവിൽ ഇളവുകൾ നൽകിയിട്ടില്ല. കൂടാതെ പ്രസ്തുത ഭൂമിയിൽ ജലടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ സംരംഭം ആരംഭിക്കാനും ഉള്ള നടപടിക്രമങ്ങൾ നിലവിൽ വകുപ്പ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ